**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1463** **01-07-2026-ൽ മറുപടിയ്ക്ക്**

**തോട്ടപ്പള്ളി പ്രദേശം ഖനനവിരുദ്ധ മേഖലയായി പ്രഖ്യാപിക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** അമ്പലപ്പുഴ മണ്ഡലത്തിൽപ്പെട്ട തോട്ടപ്പള്ളി സ്പിൽവേയുടെ അഴിമുഖത്തും സമീപ തീര പ്രദേശങ്ങളിലും വന്നടിയുന്ന കരിമണൽ രാജ്യാന്തര മൂല്യമുള്ളതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ഉണ്ട്.

**(ബി)** ഈ അമൂല്യധാതു സ്വകാര്യ ശക്തികളും കരിമണൽ കമ്പനികളും അനധികൃതമായി കൈവശപ്പെടുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ്, കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് എന്നീ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾക്കാണ് കരിമണൽ ഖനനം നടത്തുവാൻ സർക്കാർ അനുമതി നല്കിയിട്ടുള്ളത്.

**(സി)** ഐ.ആർ.ഇ (ഇൻഡ്യൻ റെയർ എർത്ത്)യും ചവറ മിനറൽസ് ആൻറ് മെറ്റൽസും നടത്തുന്ന കരിമണൽ ഇടപാടുകൾ അന്വേഷിച്ചിട്ടുണ്ടോ;

**മറുപടി:** ഇതു സംബന്ധിച്ച പരാതികളിൽ NGT, ലോകായുക്ത, വിജിലൻസ് എന്നീ തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്.

**(ഡി)** ഇല്ലെങ്കിൽ കഴിഞ്ഞ പത്ത് വർഷക്കാലത്തെ കരിമണൽ ഖനനത്തെപ്പറ്റി വിദഗ്ധരും സാമ്പത്തിക ശാസ്ത്രജ്ഞന്മാരും അടങ്ങുന്ന ഒരു ഉന്നതതല അന്വേഷണ സംഘത്തെകൊണ്ട് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**മറുപടി:** നിലവിൽ പരിഗണനയിൽ ഇല്ല. കേരളത്തിലെ കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് വിശദമായ പഠനം നടത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**(ഇ)** ഇപ്പോൾ ഇറക്കുന്ന ടെണ്ടറുകൾ റദ്ദ് ചെയ്യാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(എഫ്)** തോട്ടപ്പള്ളി പ്രദേശം ഖനനവിരുദ്ധ മേഖലയായി പ്രഖ്യാപിക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**